കേരള സർക്കാർ

# വ്യാവസായിക പരിശീലന വകുപ്പ്

# പൗരാവകാശ രേഖ

# *Citizen's Charter*

## Department of Industrial Training

**Government of Kerala**

കേരള സർക്കാർ

**വ്യാവസായിക പരിശീലന വകുപ്പ്**

***പൗരാവകാശ രേഖ***

ജനാധിപത്യം എന്ന പ്രക്രിയ കൂടുതൽ അർത്ഥപൂർണ്ണമാകുന്നത് ഓരോ സർക്കാർ വകുപ്പും ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുമ്പോഴാണ്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ രേഖ തയ്യാറാക്കുന്നു.

വ്യാവസായിക പരിശീലന വകുപ്പിനെ സംബന്ധിച്ച ഒരറിവും ജനങ്ങൾക്കന്യമാകരുത് എന്ന ലക്ഷ്യത്തോടെയാണ് ഈ രേഖ പുറത്തിറക്കുന്നത്. ജനസേവകരെന്ന നിലയിൽ വകുപ്പിലെ ജീവനക്കാർക്ക് ജനങ്ങൾക്ക് വേണ്ടി എന്ത് സേവനം ചെയ്യുവാൻ കഴിയും എന്ന് ഈ രേഖയിലൂടെ പ്രഖ്യാപിക്കുന്നു. ഇതിലൂടെ ഓരോ പൗരനും വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക്, ഏറെ സഹായമാകുമെന്ന ഉത്തമ വിശ്വാസത്തോടെ ഈ രേഖ കേരളീയ സമൂഹത്തിന് മുമ്പാകെ സമർപ്പിക്കുന്നു.

കലോചിതമാറ്റങ്ങൾക്ക് ഈ രേഖ വിധേയമായിരിക്കും.

**കെ.ബിജു ഐ.എ.എസ്**
**ട്രെയിനിംഗ് ഡയറക്ടർ**

# ആമുഖം

ഒരു വികസ്വര രാഷ്ട്രത്തിന് വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിൽ, വ്യാവസായിക പുരോഗതിയ്ക്കുള്ള പങ്ക് വളരെ നിർണ്ണായകമാണ്. ഈ തിരിച്ചറിവാണ് രാജ്യത്തെ വ്യവസായ വത്കരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങൾക്കനുയോജ്യമായ തദ്ദേശീയരായ വിദഗ്ദ്ധ തൊഴിലാളികളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി, **1950**-ൽ ഭാരത സർക്കാർ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം (വിദഗ്ദ്ധ തൊഴിൽ പരിശീലന പദ്ധതി) ആവിഷ്കരിച്ച് രാജ്യത്താകമാനം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചത്. ഇത്തരം പരിശീലനകേന്ദ്രങ്ങളാണ് നിലവിലുള്ള **ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ITI)- കൾ**.

ഈ പരിശീലന സ്ഥാപനങ്ങൾ വിദഗ്ദ്ധ തൊഴിലാളികളെ സൃഷ്ടിച്ച് വ്യവസായ മേഖലയ്ക്ക് സംഭാവന നൽകുകയും, രാജ്യം വികസനത്തിന്റെ പാതയിൽ എത്തുകയും ചെയ്തു. ഇതു വഴി വ്യവസായ മേഖലയുടെ വളർച്ചയ്ക്കും, നിലനിൽപ്പിനും ടി സ്ഥാപനങ്ങൾ അനിവാര്യഘടകമായി മാറി. സ്വയം തൊഴിൽ മേഖലകളിൽ കൂടി ഈ വൈദഗ്ദ്ധ്യം വിനിയോഗിക്കപ്പെട്ടപ്പോൾ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഏറെക്കുറെ സഹായകവുമായി.

വ്യാവസായിക പരിശീലന സ്ഥാപനങ്ങളിലെ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം - ന്റെ പാഠ്യപരിശീലന പദ്ധതി തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിൻ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് **(DGE&T)**, ന്യൂഡൽഹി - യുടെ നേതൃത്വത്തിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (**NCVT**) ആണ്. ഈ പാഠ്യപരിശീലന പദ്ധതിയാണ് രാജ്യത്താകമാനമുള്ള വ്യാവസായിക പരിശീലന സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നത്. **NCVT** നിഷ്കർഷിക്കുന്ന നിബന്ധനകൾക്കനുസൃതമായി പരിശീലനത്തിന് സജ്ജമാക്കുന്ന ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് ടി കൗൺസിൽ അംഗീകാരം (അഫിലിയേഷൻ) നൽകുകയും ചെയ്യുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ട്രെയിനികൾക്ക്

അഖിലേന്ത്യാ തലത്തിൽ പരീക്ഷ നടത്തി വിജയികളാകുന്നവർക്ക് യോഗ്യത സർട്ടിഫിക്കറ്റുകൾ (**നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്** - **NTC**) നൽകുന്നതും **NCVT** ആണ്. **'ടി സർട്ടിഫിക്കറ്റുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ളവയാണ്.'**

കേന്ദ്ര സർക്കാർ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം - ന്റെ നടത്തിപ്പ് ചുമതല അതാത് സംസ്ഥാന സർക്കാരുകൾക്ക് കൈമാറിയതിനെ തുടർന്ന് കേരളത്തിൽ ടി പരിശീലനത്തിന്റെ പൂർണ്ണ നടത്തിപ്പ് ചുമതല **1956** - മുതൽ സംസ്ഥാന സർക്കാരിന് കീഴിൽ വന്നു.

**NCVT** അംഗീകാരമുള്ള ട്രേഡുകൾ സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ - കളിൽ നടത്തി വരുന്നു. കൂടാതെ ഇതര ട്രേഡുകളിൽ പ്രാവീണ്യം ഉള്ള വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാനായി, സംസ്ഥാന സർക്കാർ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (**SCVT**) രൂപീകരിച്ച് ഉത്തരവായി. സംസ്ഥാനത്ത് **SCVT** സ്കീമിൽ കോഴ്സുകൾ ആരംഭിക്കുന്നതും, പരിശീലനത്തിൽ പങ്കെടുത്ത് പരീക്ഷയിൽ വിജയികളാകുന്നവർക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകൾ (**സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് - STC**) വിതരണം ചെയ്യുന്നതും ടി കൗൺസിലാണ്. **'ഈ സർട്ടിഫിക്കറ്റുകൾക്ക് സംസ്ഥാനത്ത് കേരള സർക്കാർ NTC - യുടെ തുല്യത നൽകുന്നു.'** **NCVT**- യുടെ പാഠ്യ പരിശീലന പദ്ധതി തന്നെയാണ് **SCVT** കോഴ്സുകളിലും നടപ്പിലാക്കുന്നത്. **NCVT** നിഷ്കർഷിക്കുന്ന നിബന്ധനകൾ പ്രകാരം പരിശീലനത്തിന് സജ്ജമാക്കുന്ന **SCVT** ട്രേഡ്/യൂണിറ്റ് എന്നിവയ്ക്ക് **NCVT**- യുടെ അംഗീകാരം (അഫിലിയേഷൻ) വകുപ്പ് ലഭ്യമാക്കുകയും ചെയ്യുന്നു.

**NCVT/SCVT** കൗൺസിലുകളുടെ പരീക്ഷകൾ വിജയിക്കുന്ന സംസ്ഥാനത്തെ ട്രെയിനികളെ ബന്ധപ്പെട്ട ട്രേഡുകളിൽ വിവിധ സ്ഥാപനങ്ങളിൽ അയച്ച് അപ്രന്റീസ് പരിശീലനം നൽകുന്നത് **1961**-ലെ അപ്രന്റീസ് ആക്ട് പ്രകാരം വ്യാവസായിക പരിശീലന വകുപ്പാണ്. **DGE&T** ആണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം

രാജ്യത്താകമാനം നടപ്പിലാക്കുന്നത്. അപ്രന്റീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് **DGE&T** അഖിലേന്ത്യാ തലത്തിൽ പരീക്ഷ നടത്തി വിജയികളാകുന്നവർക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകൾ (**നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് - NAC**) നൽകുകയും ചെയ്യുന്നു. **'ടി സർട്ടിഫിക്കറ്റുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ളവയാണ്.'**

കേരള സർക്കാരിന്റെ **തൊഴിലും പുനരധിവാസവും വകുപ്പിന്** കീഴിലാണ് **വ്യവസായിക പരിശീലന വകുപ്പ്** പ്രവർത്തിക്കുന്നത്.

| | |
|---|---|
| ആസ്ഥാനം | : തിരുവനന്തപുരം |
| മേൽവിലാസം | : ഡയറക്ട്രേറ്റ് ഓഫ് ട്രെയിനിംഗ്,<br>തൈക്കാട്. പി.ഒ, തിരുവനന്തപുരം - 695 014. |
| ഫോൺ നമ്പർ | : 0471 2323856, 2323274, 2322490 |
| ഫാക്സ് നമ്പർ | : 0471 2338229, 2323101 |
| വെബ്സൈറ്റ് | : www.det.kerala.gov.in |
| ഇ-മെയിൽ | : www.directorateoftraining@gmail.com |

## ദർശനം (Vision)

1) വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമുള്ള തൊഴിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുക.

2) വിദഗ്ദ്ധ തൊഴിലാളികളുടെ പ്രവർത്തനം മൂലം വ്യവസായികോൽപ്പാദനവും, ഗുണമേന്മയും മെച്ചപ്പെടുത്തുക.

3) വിദ്യാസമ്പന്നരായ യുവതീയുവാക്കളെ തൊഴിൽ ശാലയ്ക്ക് അനുയോജ്യമായ ജോലികളിൽ പരിശീലനം നൽകി അതുമൂലം തൊഴിലില്ലായ്മ പരിഹരിക്കുക.

4) സ്വയം തൊഴിൽ കണ്ടെത്താനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം നൽകുക.

5) രാജ്യത്തിന്റെ പുരോഗതിക്കനുസൃതമായി രാജ്യത്തിനകത്തും, പുറം രാജ്യങ്ങളിലുമുള്ള തൊഴിൽ സാദ്ധ്യത മുന്നിൽ കണ്ട് സംസ്ഥാനത്ത് അതിനൂതന ട്രേഡുകൾ ആരംഭിക്കുക.

6) സർക്കാർ / അർദ്ധസർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾ വഴി അപ്രന്റീസ് പരിശീലനം നൽകി പ്രായോഗിക രംഗത്ത് കൂടുതൽ വൈദഗ്ദ്ധ്യം നൽകുക.

## പ്രതിബദ്ധത (Mission)

തൊഴിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി ഈ വകുപ്പിൽ അർപ്പിക്കപ്പെട്ടിട്ടുള്ള കടമകൾ ഉപയോഗപ്പെടുത്തുന്ന ഏവർക്കും അവകാശപ്പെട്ടതും, അർഹതപ്പെട്ടതുമായ സേവനം അർപ്പണബോധത്തോടും, സുതാര്യതയോടും, സമയബന്ധിതമായും, തികച്ചും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിൽ ഈ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും സാമൂഹ്യപ്രതിബദ്ധതയോടെ നിർവ്വഹിക്കുമെന്ന് ഈ പൗരാവകാശ രേഖയിലൂടെ ഉറപ്പ് നൽകുന്നു.

## ഭരണനിർവ്വഹണവും, ഓഫീസ് ഘടനയും

ട്രെയിനിംഗ് ഡയറക്ടറാണ് വകുപ്പിന്റെ തലവൻ (അദ്ധ്യക്ഷൻ/അദ്ധ്യക്ഷ) ആസ്ഥാന കാര്യാലയമായ ട്രെയിനിംഗ് ഡയറക്ട്രേറ്റ്, സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - കഴക്കൂട്ടം, മേഖലാ കേന്ദ്രം - കണ്ണൂർ, ട്രെയിനിംഗ് ഇൻസ്പെക്ടർ - മാരുടെ (തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്) കാര്യാലയങ്ങൾ, അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം - കളമശ്ശേരി, ബേസിക് ട്രെയിനിംഗ് സെന്റർ - കൊല്ലം, **'71'** വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ, **'9'** റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകൾ, എന്നീ കാര്യാലയങ്ങൾ മുഖേനയാണ് ഭരണനിർവ്വഹണവും തൊഴിൽപരിശീലനവും നടക്കുന്നത്.


Director of Training & State Apprentice Advisor
ADT
SO/ADT STI Kazhakuttom
JDT RDT Kannur
JDT
Sr. FO
AO
DD (P)
Dy SAA
DD (T)
TTO
A/C.O - I
A/C.O-II
AA
SS
SS (I)
JS (C)
JS (F)
SS (G)
SS (H)
SS (B)
JS (D)
JS (E)
SS (A)
Supporting Staff
Inspector of Training (5)
Industrial Training Institutes (71 Nos.), Basic Training Centre, Advanced Vocational Training System.
Related Instruction Centres (9 Nos.)
Principal
Training Officer
SS/JS
JAA (NT)

## ഓഫീസ് പ്രവർത്തനസമയം

മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് **10.15** മുതൽ പ്രവർത്തനം ആരംഭിക്കുന്ന ഓഫീസുകൾ വൈകുന്നേരം **5.15** വരെയും, മറ്റുള്ള സ്ഥലങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെയും പ്രവർത്തിക്കുന്നതാണ്.

## ഓരോ ഓഫീസിന്റെ ചുമതലയും, ലഭ്യമാകുന്ന സേവനങ്ങളും

| ക്രമ നം | ഓഫീസിന്റെ പേരും, മേൽവിലാസവും | ഓഫീസ് മേധാവി | ചുമതലയും, സേവനങ്ങളും |
|---|---|---|---|
| (1) | (2) | (3) | (4) |
| **1.** | ട്രെയിനിംഗ് ഡയറക്ട്രേറ്റ്, തൈക്കാട്. പി.ഒ, തിരുവനന്തപുരം - 690 514 | ട്രെയിനിംഗ് ഡയറക്ടർ & സ്റ്റേറ്റ് അപ്രന്റീസ് അഡ്വൈസർ **(വകുപ്പദ്ധ്യക്ഷൻ/അദ്ധ്യക്ഷ)** | വകുപ്പിന്റെ ഭരണനിർവ്വഹണത്തിന്റെ മുഴുവൻ ചുമതലയും, സർക്കാർ/പ്രൈവറ്റ് ITI-കളിലെ ട്രേഡുകൾക്ക് NCVT-യുടെ അംഗീകാരം (അഫിലിയേഷൻ) നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, സംസ്ഥാനത്ത് ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ്, ആൾ ഇന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് നടത്തിപ്പിന്റെ മേൽനോട്ടം, സർട്ടിഫിക്കറ്റുകൾ വിതരണത്തിന് സജ്ജമാക്കുക, സർട്ടിഫിക്കറ്റുകളുടെ തുല്യത സംബന്ധിച്ച വിവരങ്ങൾ നൽകുക, ആവശ്യ സന്ദർഭങ്ങളിൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകുക, പരിശീലനാർത്ഥികളുടെ പുന:പ്രവേശനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുക, വകുപ്പിലെ ഇൻസ്ട്രക്ടർമാരെ കപ്പാസിറ്റി ബിൽഡിംഗിനായി CTI, POT ട്രെയിനിംഗുകൾക്ക് നിയോഗിക്കുക, വകുപ്പിലെ ട്രേഡുകളുടെ പരിശീലനത്തിനാവശ്യമായ സാധനസാമഗ്രികൾ സംഭരിക്കുക, സർക്കാർ/പ്രൈവറ്റ് ITI-കളെ സംബന്ധിച്ച വിവരങ്ങൾ നൽകുക, വകുപ്പിലെ ജീവനക്കാരുടെ നിയമനം, സ്ഥലം മാറ്റം എന്നിവ നടത്തുക. ഇവയാണ് പ്രധാന ചുമതലകളും, സേവനങ്ങളും. |

| | | | |
|---|---|---|---|
| **2.** | സ്റ്റാഫ് ട്രെയിനിംഗ് & ടെക് നോളജി അപ്ഡേറ്റിംഗ് സെന്റർ (സ്റ്റാഫ് ട്രെയി നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്), കഴക്കൂട്ടം. പി.ഒ, തിരുവനന്തപുരം - 695 582 ഫോൺ നം. 0471 2412012 | സ്പെഷ്യൽ ഓഫീസർ/ അഡീഷണൽ ഡയറക്ടർ | സംസ്ഥാനത്തെ ITI-കളിലെ ഇൻസ്ട്രക്ടർമാർക്ക്, കാലാകാല ങ്ങളിൽ പാഠ്യപദ്ധതിയിൽ വരുന്ന മാറ്റങ്ങൾക്ക് അനുസൃതമായ പരി ശീലനം നൽകുവാൻ വേണ്ടിയുള്ള സ്ഥാപനം. **State Training Policy** - യുടെ ഭാഗമായ **IMG** ട്രെയി നിംഗുകളും സംഘടിപ്പിക്കുന്നു. |
| **3.** | റീജിണൽ ട്രെയിനിംഗ് ഡയറക്ട്രേറ്റ് - കണ്ണൂർ, ഗവ: ഐ.ടി.ഐ കാമ്പസ്, തോട്ടട. പി.ഒ, കണ്ണൂർ - 670 007 ഫോൺ നം. 0497 2835657 | ജോയിന്റ് ഡയറക്ടർ | എറണാകുളം മുതലുള്ള ഉത്തര മേഖലയിലെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തന മേൽനോട്ടം. |
| **4.** | ട്രെയിനിംഗ് ഇൻസ്പെക്ട റുടെ കാര്യാലയം - തിരുവ നന്തപുരം, **RIC** ചാക്ക, ബീച്ച്. പി.ഒ, തിരുവനന്തപുരം - 695 007 ഫോൺ നം. 0471 2501867 | ട്രെയിനിംഗ് ഇൻസ്പെക്ടർ | തിരുവനന്തപുരം ജില്ലയിലെ സർക്കാർ/പ്രൈവറ്റ് ITI- കളിലെ അഡ്മിഷൻ ക്ലോസിംഗ്, അഫലിയേഷൻ സംബന്ധമായ പരിശോധനയും, ITI- കളിൽ പരിശീലനം ശരിയായ രീതിയിൽ നടക്കുന്നതായി വിലയിരുത്തുകയും ചെയ്യുക, പ്രൈവറ്റ് ITI- കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റു കൾ മേലൊപ്പ് ചാർത്തി നൽകുക. |
| **5.** | ട്രെയിനിംഗ് ഇൻസ്പെക്ട റുടെ കാര്യാലയം - കൊല്ലം, **RIC** കൊല്ലം, കടപ്പാക്കട.പി.ഒ, കൊല്ലം - 691 008 ഫോൺ നം. 0474 2747969 | ട്രെയിനിംഗ് ഇൻസ്പെക്ടർ | കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സർക്കാർ/പ്രൈവറ്റ് ITI- കളിലെ അഡ്മിഷൻ ക്ലോസിംഗ്, അഫലിയേഷൻ സംബന്ധമായ പരിശോധനയും, ITI- കളിൽ പരിശീലനം ശരിയായ രീതിയിൽ നടക്കുന്നതായി വിലയിരുത്തുകയും ചെയ്യുക, പ്രൈവറ്റ് ITI- കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റു കൾ മേലൊപ്പ് ചാർത്തി നൽകുക. |

| | | | |
|---|---|---|---|
| **6.** | ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കാര്യാലയം - കോട്ടയം, **RIC** കോട്ടയം, മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, നാലാം നില, തിരുനക്കര. പി.ഒ, കോട്ടയം - 686 001 ഫോൺ നം. 0481 2561803 | ട്രെയിനിംഗ് ഇൻസ്പെക്ടർ | ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ സർക്കാർ/പ്രൈവറ്റ് **ITI**- കളിലെ അഡ്മിഷൻ ക്ലോസിംഗ്, അഫിലിയേഷൻ സംബന്ധമായ പരിശോധനയും, **ITI**- കളിൽ പരിശീലനം ശരിയായ രീതിയിൽ നടക്കുന്നതായി വിലയിരുത്തുകയും ചെയ്യുക, പ്രൈവറ്റ് **ITI**- കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ മേലൊപ്പ് ചാർത്തി നൽകുക. |
| **7.** | ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കാര്യാലയം - എറണാകുളം, **RIC** കളമശ്ശേരി, **HMT** കോളനി. പി.ഒ, എറണാകുളം - 683 503 ഫോൺ നം. 0484 2555866 | ട്രെയിനിംഗ് ഇൻസ്പെക്ടർ | എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സർക്കാർ/പ്രൈവറ്റ് **ITI**- കളിലെ അഡ്മിഷൻ ക്ലോസിംഗ്, അഫിലിയേഷൻ സംബന്ധമായ പരിശോധനയും, **ITI**- കളിൽ പരിശീലനം ശരിയായ രീതിയിൽ നടക്കുന്നതായി വിലയിരുത്തുകയും ചെയ്യുക, പ്രൈവറ്റ് **ITI**- കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ മേലൊപ്പ് ചാർത്തി നൽകുക. . |
| **8.** | ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കാര്യാലയം - കോഴിക്കോട്, **RIC** കോഴിക്കോട്, മാളിക്കടവ്. പി.ഒ, കോഴിക്കോട് - 673 010 ഫോൺ നം. 0495 2370289 | ട്രെയിനിംഗ് ഇൻസ്പെക്ടർ | മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ/പ്രൈവറ്റ് **ITI**- കളിലെ അഡ്മിഷൻ ക്ലോസിംഗ്, അഫിലിയേഷൻ സംബന്ധമായ പരിശോധനയും, **ITI**- കളിൽ പരിശീലനം ശരിയായ രീതിയിൽ നടക്കുന്നതായി വിലയിരുത്തുകയും ചെയ്യുക, പ്രൈവറ്റ് **ITI**- കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ മേലൊപ്പ് ചാർത്തി നൽകുക. |

| | | | |
|---|---|---|---|
| **9.** | അഡ്വാൻസ്ഡ് വൊക്കേഷ ണൽ ട്രെയിനിംഗ് സിസ്റ്റം - കളമശ്ശേരി, **HMT** കോളനി. പി.ഒ, എറണാകുളം - 683 503 ഫോൺ നം. 0484 2557275 | പ്രിൻസിപ്പാൾ | വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും, സർക്കാർ/പ്രൈവറ്റ് **ITI**- കളിൽ പരിശീലനം ലഭിച്ച് ട്രേഡ് ടെസ്റ്റുകൾ വിജയിച്ചവർക്കും ഹ്രസ്വകാല വിദഗ്ദ്ധ പരിശീലനം നൽകി പ്രാവിണ്യം നേടാൻ സഹായിക്കുന്നു. **ഏഴ്** ട്രേഡുകളിലെ പരിശീലന മാണ് നടപ്പിലാക്കുന്നത്. ബന്ധ പ്പെട്ട ട്രേഡുകളിൽ യോഗ്യതയുള്ള വർ ടി സ്ഥാപനത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതും, സീനി യോരിറ്റിയുടെ അടിസ്ഥാന ത്തിൽ പരിശീലനത്തിന് ക്ഷണി ക്കുന്നതുമാണ്. കൂടുതൽ വിശദാംശങ്ങൾക്ക് ടി സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. |
| **10.** | ബേസിക് ട്രെയിനിംഗ് സെന്റർ - കൊല്ലം, ചന്ദനത്തോപ്പ്. പി.ഒ, കൊല്ലം - 691 014. ഫോൺ നം. 0474 2713093 | പ്രിൻസിപ്പാൾ | ലോകബാങ്ക് സഹായ പദ്ധതി പ്രകാരം **ITI**- കളിൽ നിലവിലി ല്ലാത്ത കെമിക്കൽ ട്രേഡുകളിലും, കാറ്ററിംഗ് ട്രേഡുകളിലും പരിശീലനം നൽകുക. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകര ണത്തോടെ അപ്രന്റീസ് പരിശീല നവും നൽകുന്നു. |
| **11.** | വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ **(71 എണ്ണം)** | പ്രിൻസിപ്പാൾ | പരിശീലനാർത്ഥികൾക്ക് അഡ്മി ഷൻ നൽകുക, പരിശീലനം നൽകുക, മറ്റ് സേവനങ്ങൾ, **PNTC, NTC, PSTC, STC** എന്നിവ വിതരണം ചെയ്യുക. |
| **12.** | റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകൾ **(9 എണ്ണം)** | ട്രെയിനിംഗ് ഓഫീസർ | **NTC/STC** നേടിയവർക്കും, മറ്റുള്ള വർക്കും, അപ്രന്റീസ്ഷിപ്പ് പരിശീല നത്തിനുള്ള രജിസ്ട്രേഷൻ, പരിശീ ലനത്തിന് ബന്ധപ്പെട്ട സ്ഥാപനങ്ങ ളിൽ നിയോഗിക്കുക, **PNAC, NAC** എന്നിവ വിതരണം ചെയ്യുക, ഈ വിഭാഗങ്ങളുടെ പരാതികൾ പരിഹരിക്കുക. |

# <u>വിവരാവകാശനിയമം</u>

സുതാര്യതയും, പ്രതിബദ്ധതയും ഉറപ്പ് വരുത്തുന്ന വിവരാവകാശനിയമം **2005** പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ വിവരം ലഭ്യമാക്കുന്നതിനായി, വകുപ്പിലെ എല്ലാ **ITI/BTC/AVTS** എന്നീ സ്ഥാപനങ്ങളിൽ അതാത് പ്രിൻസിപ്പാൾമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ **(SPIO)**-മാരായും, സീനിയർ സൂപ്രണ്ടുമാർ ഉള്ള സ്ഥാപനങ്ങളിൽ സീനിയർ സൂപ്രണ്ടുമാരെയും, സീനിയർ സൂപ്രണ്ടുമാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ ജൂനിയർ സൂപ്രണ്ടുമാരെയും, സീനിയർ/ജൂനിയർ സൂപ്രണ്ടുമാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്കുമാരെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ **(APIO)**-മാരായും നിയമിച്ചിട്ടുണ്ട്. എല്ലാ **ആർ.ഐ.സെന്ററുകളിലും** ട്രെയിനിംഗ് ഓഫീസർ, ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (നോൺ ടെക്നിക്കൽ) എന്നിവരെ യഥാക്രമം **SPIO**-മാരായും, **APIO**-മാരായും നിയമിച്ചിട്ടുണ്ട്.

മേഖലാ കേന്ദ്രം കണ്ണൂരിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് എന്നിവരെ യഥാക്രമം **SPIO**-മാരായും, **APIO**-മാരായും നിയമിച്ചിട്ടുണ്ട്. സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കഴക്കൂട്ടത്ത് സ്പെഷ്യൽ ഓഫീസർ, ക്ലാർക്ക് - കം - ടൈപ്പിസ്റ്റ് എന്നിവരെ യഥാക്രമം **SPIO**-മാരായും, **APIO**-മാരായും നിയമിച്ചിട്ടുണ്ട്.

**ട്രെയിനിംഗ് ഡയറക്ട്രേറ്റിൽ**, ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ യഥാക്രമം **SPIO**-മാരായും, **APIO**-മാരായും നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ **അപ്പീൽ അധികാരി** അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം -**14** ആണ്.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ **അപ്പീൽ അധികാരി** ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്, മേഖലാകേന്ദ്രം, കണ്ണൂർ -**57** ആണ്.

# ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം (വിദഗ്ദ്ധ തൊഴിൽ പരിശീലന പദ്ധതി)

ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, ന്യൂഡൽഹി- യുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃത മായി ഈ പദ്ധതി ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലുമായി **'71'** സർക്കാർ **ഐ.ടി.ഐ** - കളിലും, **ഒരു ബി.റ്റി.സി** - യിലും, പട്ടികജാതി വികസന വകുപ്പിന്റെ **'43'** **ഐ.ടി.ഐ** - കളിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ **'3'** **ഐ.ടി.ഐ** - കളിലും, സ്വ കാര്യമേഖലയിലെ **'454'** **ഐ.ടി.ഐ** - കളിലും നടത്തപ്പെടുന്നു.

സർക്കാർ ഐ.ടി.ഐ- കളിലെ **'11'** എണ്ണം വനിതകൾക്ക് മാത്രമായി ഉള്ള താണ്. ഗവ: ഐ.ടി.ഐ അട്ടപ്പാടി - യിലെ **60%** സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിനും, **10%** സീറ്റുകൾ പട്ടികജാതി വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്. അതുപോലെ ഗവ: ഐ.ടി.ഐ ആര്യനാട് - ലെ **51%** സീറ്റുകൾ പട്ടികജാതി വിഭാഗത്തിനും, **25%** സീറ്റുകൾ പട്ടികവർഗ്ഗവിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്. ഗവ: ഐ.ടി.ഐ നിലമ്പൂർ - ലെ **40%** സീറ്റുകൾ പട്ടികജാതി വിഭാഗത്തിനും, **40%** സീറ്റുകൾ പട്ടിക വർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും, സ്വകാര്യമേഖലയിലെയും ഐ.ടി.ഐ- കളുടെ അഫിലിയേഷൻ നടപടികൾ, ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ വ്യാവസായിക പരിശീലന വകുപ്പ് മുഖേനയാണ് നടത്തുന്നത്. സ്വകാര്യമേഖലയിലെ ഐ.ടി.ഐ- കളിൽ പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ മതിയായ അപേക്ഷകരി ല്ലാത്ത പക്ഷം ടി സീറ്റുകൾ ജനറൽ വിഭാഗത്തിൽ നിന്ന് നികത്തുന്നതിനുള്ള അനുമതി, വ്യവസ്ഥകൾക്ക് വിധേയമായി വ്യാവസായിക പരിശീലന വകുപ്പാണ് നൽകുന്നത്. ഈ സ്ഥാപനങ്ങളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾക്ക് ട്രെയിനിംഗ് ഡയ റക്ട്രേറ്റുമായി ബന്ധപ്പെടാവുന്നതാണ്. കൂടാതെ വകുപ്പിന്റെ വെബ് സൈറ്റ് സന്ദർശി ക്കാവുന്നതുമാണ്.

## സംസ്ഥാനത്തെ സർക്കാർ/പ്രൈവറ്റ് ITI - കളിലും, BTC - യിലും ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് പദ്ധതി അനുസരിച്ച് പരിശീലനം നടത്തുന്ന ട്രേഡുകൾ;

| ക്രമ നം | ട്രേഡിന്റെ പേര് | ട്രേഡിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| ***A. നോൺ മെട്രിക് ട്രേഡുകൾ (എൻജിനീയറിംഗ്)*** | | | |
| 1. | സാനിറ്ററി ഹാർഡ്‌വെയർ ഫിറ്റർ | 6 മാസം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 2. | പ്ലംബർ | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 3. | മെക്കാനിക് ട്രാക്ടർ | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 4. | ഷീറ്റ് മെറ്റൽ വർക്കർ | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 5. | വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 6. | കാർപ്പെന്റർ | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 7. | ഫൗണ്ടറിമാൻ | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 8. | അപ്ഹോൾസ്റ്ററി | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 9. | വയർമാൻ | 2 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 10. | പെയിന്റർ ജനറൽ | 2 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 11. | മെക്കാനിക് അഗ്രികൾച്ചറൽ മെഷിനറി | 2 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| ***B. നോൺ മെട്രിക് (നോൺ എൻജിനീയറിംഗ്)*** | | | |
| 12. | ഓൾഡേജ് കെയർ | 6 മാസം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| 13. | കട്ടിംഗ് & സ്വീയിംഗ് | 1 വർഷം | SSLC തോറ്റവർക്കും ജയിച്ചവർക്കും |
| ***C. മെട്രിക് ട്രേഡുകൾ (എൻജിനീയറിംഗ്)*** | | | |
| 14. | മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 6 മാസം | SSLC വിജയിച്ചിരിക്കണം |
| 15. | മെക്കാനിക് റിപ്പയർ & മെയിന്റനൻസ് ഓഫ് ടു വീലേഴ്സ് | 6 മാസം | SSLC വിജയിച്ചിരിക്കണം |
| 16. | മെക്കാനിക് ഡീസൽ | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 17. | പ്ലാസ്റ്റിക് പ്രോസ്സസിംഗ് ഓപ്പറേറ്റർ | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 18. | ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | 1 വർഷം | കണക്ക് വിഷയത്തോടുകൂടി SSLC വിജയിച്ചിരിക്കണം |
| 19. | മെക്കാനിക് റിപ്പയർ & മെയിന്റനൻസ് ഓഫ് ലൈറ്റ് വെഹിക്കിൾ | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 20. | മെക്കാനിക് കമ്മ്യൂണിക്കേഷൻ & എക്യുപ്‌മെന്റ് മെയിന്റനൻസ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 21. | മെക്കാനിക് ലെൻസ് & പ്രിസം ഗ്രൈന്റിംഗ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 22. | മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 23. | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 24. | ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 25. | മെക്കാനിക് റേഡിയോ & ടെലിവിഷൻ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 26. | ഇലക്ട്രീഷ്യൻ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 27. | ഇലക്ട്രോണിക് മെക്കാനിക് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 28. | ഇൻസ്ട്രുമെന്റ് മെക്കാനിക് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 29. | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 30. | ഫിറ്റർ | 2 വർഷം | SSLC വിജയിച്ചിരിക്കണം |

| | | | |
|---|---|---|---|
| 31. | ടർണർ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 32. | മെഷിനിസ്റ്റ് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 33. | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 34. | ഇലക്ട്രോ പ്ലേറ്റർ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 35. | സർവ്വേയർ | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 36. | ഇൻഫർമേഷൻ ടെക്നോളജി & ഇലക്ട്രോണിക് സിസ്റ്റം മെയിന്റനൻസ് | 2 വർഷം | കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് **60%** മാർക്കോടുകൂടി **SSLC** വിജയിച്ചിരിക്കണം |
| 37. | അറ്റന്റന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്)* | 2 വർഷം | ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളോടു കൂടി **SSLC** വിജയിച്ചിരിക്കണം |
| 38. | ലബോറട്ടറി അസിസ്റ്റന്റ് (കെമിക്കൽ പ്ലാന്റ്)* | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 39. | മെയിന്റനൻസ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്)* | 2 വർഷം | സയൻസ്, കണക്ക് വിഷയങ്ങളോടു കൂടി **SSLC** വിജയിച്ചിരിക്കണം |
| 40. | ഇൻസ്ട്രുമെന്റ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്)* | 2 വർഷം | ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളോടു കൂടി **SSLC** വിജയിച്ചിരിക്കണം. |
| 41. | മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 42. | ലിഫ്റ്റ് മെക്കാനിക് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| 43. | ടൂൾ & ഡൈമേക്കർ (പ്രസ് ടൂൾസ്, ജിഗ്സ്&ഫിക്ചേഴ്സ്) | 3 വർഷം | SSLC വിജയിച്ചിരിക്കണം |
| 44. | ടൂൾ & ഡൈമേക്കർ (ഡൈസ് & മോൾഡ്സ്) | 3 വർഷം | SSLC വിജയിച്ചിരിക്കണം |
| 45. | മെക്കാനിക് മെഷീൻ ടൂൾസ് മെയിന്റനൻസ് | 3 വർഷം | SSLC വിജയിച്ചിരിക്കണം |
| | ***D. മെട്രിക് ട്രേഡുകൾ (നോൺ എൻജിനീയറിംഗ്)*** | | |
| 46. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 6 മാസം | SSLC വിജയിച്ചിരിക്കണം |
| 47. | പ്രീ പ്രിപ്പറേറ്ററി സ്കൂൾ മാനേജ്മെന്റ് അസിസ്റ്റന്റ് | 6 മാസം | SSLC വിജയിച്ചിരിക്കണം |
| 48. | ഡ്രൈവർ കം മെക്കാനിക് | 6 മാസം | SSLC വിജയിച്ചിരിക്കണം |
| 49. | ക്രാഫ്റ്റ്സ്മാൻ ഫുഡ് പ്രൊഡക്ഷൻ (വെജിറ്റേറിയൻ)* | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 50. | ക്രാഫ്റ്റ്സ്മാൻ ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 51. | സ്വിറ്റുവാർഡ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 52. | ഡ്രസ്സ് മേക്കിംഗ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 53. | ഡെയറിയിംഗ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 54. | ഫോട്ടോഗ്രാഫർ | 1 വർഷം | ഫിസിക്സ്, കെമിസ്ട്രി, എന്നീ വിഷയങ്ങളോടു കൂടി **SSLC** വിജയിച്ചിരിക്കണം |
| 55. | ഹെയർ & സ്കിൻ കെയർ | 1 വർഷം | ബയോളജി, വിഷയത്തോടുകൂടി **SSLC** വിജയിച്ചിരിക്കണം |
| 56. | പ്രിസർവേഷൻ ഓഫ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് | 1 വർഷം | സയൻസ്, വിഷയത്തോടുകൂടി **SSLC** വിജയിച്ചിരിക്കണം |
| 57. | ഇന്റീരിയർ ഡെക്കറേഷൻ & ഡിസൈനിംഗ് | 1 വർഷം | SSLC വിജയിച്ചിരിക്കണം |
| 58. | മെക്കാനിക് ഡെന്റൽ ലാബോറട്ടറി എക്യുപ്മെന്റ് | 2 വർഷം | SSLC വിജയിച്ചിരിക്കണം |
| | E. ***പ്രീഡിഗ്രി/+2 ട്രേഡുകൾ (എൻജിനീയറിംഗ്)*** | | |
| 59. | ഫിസിയോതെറാപ്പി ടെക്നീഷ്യൻ | 1 വർഷം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളോടു കൂടി **+2** വിജയിച്ചിരിക്കണം |
| 60. | മെക്കാനിക് മെക്കാട്രോണിക്സ് | 2 വർഷം | ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളോടു കൂടി **+2** വിജയിച്ചിരിക്കണം |

| | | | |
|---|---|---|---|
| 61. | റേഡിയോളജി ടെക്നീഷ്യൻ | 2 വർഷം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളോടു കൂടി +2 വിജയിച്ചിരിക്കണം. |
| 62. | മെക്കാനിക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് | 2 വർഷം | സയൻസ് വിഷയത്തിൽ +2 വിജയിച്ചിരിക്കണം. |
| 63. | മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ | 2 വർഷം | സയൻസ് വിഷയത്തിൽ +2 വിജയിച്ചിരിക്കണം. |
| | ***F. പ്രീഡിഗ്രി/+2 ട്രേഡുകൾ (നോൺ എൻജിനീയറിംഗ്)*** | | |
| 64. | ഇൻഷ്വറൻസ് ഏജന്റ്സ് | 6 മാസം | +2 പാസ്സായിരിക്കണം |
| 65. | ലൈബ്രറി & ഇൻഫർമേഷൻ സയൻസ് | 6 മാസം | +2 പാസ്സായിരിക്കണം |
| 66. | മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ | 6 മാസം | ബയോളജി ഒരു വിഷയമായി പഠിച്ച് +2 പാസ്സായിരിക്കണം. |
| 67. | ടൂറിസ്റ്റ് ഗൈഡ് | 6 മാസം | +2 പാസ്സായിരിക്കണം. |
| 68. | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | 6 മാസം | +2 വിജയിച്ചിരിക്കണം. |
| 69. | നെറ്റ് വർക്ക് ടെക്നീഷ്യൻ | 6 മാസം | +2 വിജയിച്ചിരിക്കണം. |
| 70. | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 1 വർഷം | +2 വിജയിച്ചിരിക്കണം. |
| 71. | ഡസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | 1 വർഷം | (എ) +2 വിജയിച്ചിരിക്കണം. (ബി) മിനിറ്റിൽ **30** വാക്ക് ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് വേഗത ഉണ്ടായിരിക്കണം. |
| 72. | ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ | 1 വർഷം | +2 വിജയിച്ചിരിക്കണം. |
| 73. | ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് | 1 വർഷം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളോടു കൂടി +2 വിജയിച്ചിരിക്കണം. |
| 74. | ഹോർട്ടികൾച്ചർ | 1 വർഷം | +2 പാസ്സായിരിക്കണം +2 - വിന് ബയോളജി ഒരു വിഷയമായി പഠിച്ചി രിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം. |
| 75. | സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) | 1 വർഷം | +2 പാസ്സായിരിക്കണം |
| 76. | സ്റ്റെനോഗ്രാഫി (ഹിന്ദി) | 1 വർഷം | +2 പാസ്സായിരിക്കണം |
| 77. | സെക്രട്ടേറിയൽ പ്രാക്ടീസ് | 1 വർഷം | +2 പാസ്സായിരിക്കണം |
| 78. | ഫാഷൻ ടെക്നോളജി | 1 വർഷം | +2 പാസ്സായിരിക്കണം |
| 79. | ഡിജിറ്റൽ ഫോട്ടോഗ്രാഫർ | 1 വർഷം | +2 പാസ്സായിരിക്കണം. |

***നിലവിൽ BTC - യിൽ മാത്രം നടത്തുന്ന കോഴ്സുകൾ.**

സംസ്ഥാനത്ത് നിലവിൽ എല്ലാ സർക്കാർ/പ്രൈവറ്റ് **ITI** - കളിലും, **BTC** - യിലുമായി **NCVT/SCVT** അംഗീകാരത്തോടെ പരിശീലനം നടത്തുന്ന ട്രേഡുകൾ മേൽപറയുന്ന **'79'** എണ്ണം മാത്രമാണ്. ടി ട്രേഡുകൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾക്ക് www.dget.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടാതെ ഓരോ ഐ.ടി.ഐ- കളിലെയും ട്രേഡുകൾ/യൂണിറ്റുകൾ എന്നിവയുടെ **NCVT** അംഗീകാരം സംബന്ധിച്ച് അതാത് പരിശീലന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉറപ്പു വരുത്തേണ്ടതാണ്.

## സ്പെഷ്യൽ കംപോണന്റ് പ്ലാൻ (SCP);

പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി മാത്രം നിലവിൽ ചുവടെ പറയുന്ന '**15**' ഗവ: ഐ.ടി.ഐ- കളിലെ നിർദ്ദിഷ്ട ട്രേഡുകളിൽ നടത്തുന്ന പരിശീലനം. ഇതിനുള്ള അപേക്ഷകൾ പ്രത്യേകം ക്ഷണിക്കുന്നതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് ബന്ധപ്പെട്ട വെൽഫെയർ വകുപ്പിൽ നിന്നും അതാത് പരിശീലന സ്ഥാപനം മുഖേന സ്റ്റൈപ്പെന്റ് ലഭിക്കുന്നതാണ്.

| ക്രമ നം | ഐ.ടി.ഐ- യുടെ പേര് | ട്രേഡ് | യൂണിറ്റ് |
|---|---|---|---|
| 1. | ഗവ: ഐ.ടി.ഐ ധനുവച്ചപുരം | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | **1** |
| | | ടൂൾ & ഡൈമേക്കർ (ഡൈസ് & മോൾഡ്സ്) | **1** |
| 2 | ഗവ: ഐ.ടി.ഐ ചാക്ക | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | **1** |
| 3. | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ | സർവ്വേയർ | **1** |
| 4. | ഗവ: ഐ.ടി.ഐ ചെങ്ങന്നൂർ | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | **1** |
| | | ഇലക്ട്രോണിക് മെക്കാനിക് | **1** |
| 5. | ഗവ: ഐ.ടി.ഐ ഏറ്റുമാനൂർ | മെക്കാനിക് റേഡിയോ & ടെലിവിഷൻ | **1** |
| 6. | **PTCM** ഗവ: ഐ.ടി.ഐ പള്ളിക്കത്തോട് | ഡസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | **1** |
| 7. | ഗവ: ഐ.ടി.ഐ കളമശ്ശേരി | ഇലക്ട്രോണിക് മെക്കാനിക് | **1** |
| 8. | ഗവ: ഐ.ടി.ഐ ചാലക്കുടി | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | **1** |
| 9. | ഗവ: ഐ.ടി.ഐ അരീക്കോട് | മെക്കാനിക് മോട്ടോർ വെഹിക്കിൾ | **1** |
| 10. | ഗവ: ഐ.ടി.ഐ മലമ്പുഴ | മെക്കാനിക് റേഡിയോ & ടെലിവിഷൻ | **1** |
| | | സർവ്വേയർ | **1** |
| 11. | ഗവ: (വ) ഐ.ടി.ഐ കോഴിക്കോട് | സർവ്വേയർ | **1** |
| 12. | ഗവ: ഐ.ടി.ഐ കോഴിക്കോട് | ഇലക്ട്രോണിക് മെക്കാനിക് | **1** |
| 13. | ഗവ: ഐ.ടി.ഐ കൽപ്പറ്റ | മെക്കാനിക് ഡീസൽ | **1** |
| 14. | ഗവ: ഐ.ടി.ഐ കണ്ണൂർ | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | **1** |
| 15. | ഗവ: ഐ.ടി.ഐ കാസർഗോഡ് | സർവ്വേയർ | **1** |

## ലേബർ വെൽഫെയർ ഫണ്ട് സ്കീം (LWF);

തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കു വേണ്ടി നിലവിൽ ചുവടെ പറയുന്ന **'12'** ഗവ: ഐ.ടി.ഐ- കളിലെ നിർദ്ദിഷ്ട ട്രേഡുകളിൽ നടത്തുന്ന പരിശീലനം. ഇതിനുള്ള തെരെഞ്ഞെടുപ്പ് തൊഴിലാളി ക്ഷേമ നിധി ബോർഡ് തന്നെ നേരിട്ട് നടത്തുന്നതാണ്. അപേക്ഷ അതാത് വർഷം തൊഴിലാളി ക്ഷേമനിധി ബോർഡിനാണ് നൽകേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സംസ്ഥാന ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും അതാത് പരിശീലന സ്ഥാപനം മുഖേന സ്റ്റൈപ്പെന്റ് ലഭിക്കുന്നതാണ്. ടി വിഭാഗത്തിൽ നിന്നും മതിയായ അപേക്ഷകൾ ഇല്ലാത്ത പക്ഷം പ്രസ്തുത സീറ്റുകളിലേയ്ക്ക് മറ്റ് വിഭാഗത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്.

| ക്രമ നം | ഐ.ടി.ഐ- യുടെ പേര് | ട്രേഡ് | യൂണിറ്റ് |
|---|---|---|---|
| 1 | ഗവ: ഐ.ടി.ഐ ധനുവച്ചപുരം | വയർമാർ | **1** |
| 2. | ഗവ: ഐ.ടി.ഐ ചാക്ക | ടർണർ | **2** |
| 3. | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ | സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) | **1** |
| 4. | ഗവ: ഐ.ടി.ഐ ചന്ദനത്തോപ്പ് | മെക്കാനിക് ഡീസൽ | **1** |
| 5. | ഗവ: ഐ.ടി.ഐ ചെങ്ങന്നൂർ | മെക്കാനിക് മോട്ടോർ വെഹിക്കിൾ | **2** |
| 6. | ഗവ: ഐ.ടി.ഐ ഏറ്റുമാനൂർ | ഫിറ്റർ | **2** |
| | | വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) | **1** |
| 7. | ഗവ: ഐ.ടി.ഐ കളമശ്ശേരി | ഫിറ്റർ | **2** |
| 8. | ഗവ: ഐ.ടി.ഐ ചാലക്കുടി | മെക്കാനിക് റേഡിയോ & ടെലിവിഷൻ | **2** |
| 9. | ഗവ: ഐ.ടി.ഐ അരീക്കോട് | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | **1** |
| 10. | ഗവ: ഐ.ടി.ഐ മലമ്പുഴ | ഇലക്ട്രീഷ്യൻ | **2** |
| 11. | ഗവ: ഐ.ടി.ഐ കോഴിക്കോട് | മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | **2** |
| 12. | ഗവ: ഐ.ടി.ഐ കണ്ണൂർ | ഇലക്ട്രോണിക് മെക്കാനിക് | **2** |

## സെന്റർ ഓഫ് എക്സലൻസ് (COE);

വ്യവസായ മേഖലയിലെ സാങ്കേതിക വളർച്ച കണക്കിലെടുത്ത് ഒന്നിലധികം ട്രേഡുകളിൽ പ്രാവീണ്യം നേടി ബഹുമുഖ വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികളെ ലോക നിലവാരത്തിൽ വാർത്തെടുക്കുവാൻ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് **'സെന്റർ ഓഫ് എക്സലൻസ്'** അഥവാ **'മികവിന്റെ കേന്ദ്രങ്ങൾ'**. ഈ പദ്ധതി

നിലവിൽ കേരളത്തിലെ ചുവടെ പറയുന്ന **'20'** ഗവ: ഐ.ടി.ഐ- കളിൽ നടപ്പിലാക്കുന്നു. ബേസിക് മൊഡ്യൂളിലെ **'ആറ്'** യൂണിറ്റുകളിലാണ് പ്രവേശനം നൽകുന്നത്. ഇതിനുള്ള അപേക്ഷകൾ പ്രത്യേകം ക്ഷണിക്കുന്നതാണ്.

ബേസിക് മൊഡ്യൂളിലെ ട്രെയിനിംഗ് കഴിഞ്ഞവർക്ക് ആറ് മാസ ദൈർഘ്യമുള്ള അഡ്വാൻസ് മോഡ്യൂളിൽ ട്രെയിനിംഗ് നൽകുന്നതാണ്. അഡ്വാൻസ് മോഡ്യൂൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വിവിധ സ്ഥാപനങ്ങളിൽ ആറ് മാസത്തെ ഷോപ്പ് ഫ്ളോർ ട്രെയിനിംഗ് ലഭിക്കുന്നതാണ്.

| ക്രമ നം | ഐ.ടി.ഐ- യുടെ പേര് | ട്രേഡ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1. | ഗവ: ഐ.ടി.ഐ ആര്യനാട് | ഇലക്ട്രിക്കൽ സെക്ടർ | 126 |
| 2. | ഗവ: ഐ.ടി.ഐ ചാക്ക | ഓട്ടോ മൊബൈൽ ടെക്നോളജി സെക്ടർ | 126 |
| 3. | ഗവ: (വ) ഐ.ടി.ഐ കഴക്കൂട്ടം | അപ്പാരൽ സെക്ടർ | 126 |
| 4. | ഗവ: ഐ.ടി.ഐ ധനുവച്ചപുരം | പ്രൊഡക്ഷൻ & മാനുഫാക്ചറിംഗ് സെക്ടർ | 126 |
| 5. | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ | ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്) | 126 |
| 6. | ഗവ: ഐ.ടി.ഐ കൊല്ലം | ഓട്ടോമൊബൈൽ ടെക്നോളജി സെക്ടർ | 126 |
| 7. | ഗവ: (വ) ഐ.ടി.ഐ കൊല്ലം | ഫുഡ് പ്രോസസ്സിംഗ് സെക്ടർ | 126 |
| 8. | ഗവ: ഐ.ടി.ഐ ചെന്നീർക്കര | ഇലക്ട്രോണിക് സെക്ടർ | 126 |
| 9. | ഗവ: ഐ.ടി.ഐ ചെങ്ങന്നൂർ | ഇലക്ട്രോണിക് സെക്ടർ | 126 |
| 10. | ഗവ: ഐ.ടി.ഐ ഏറ്റുമാനൂർ | പ്രൊഡക്ഷൻ & മാനുഫാക്ചറിംഗ് സെക്ടർ | 126 |
| 11. | **PTCM** ഗവ: ഐ.ടി.ഐ പള്ളിക്കത്തോട് | ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സെക്ടർ | 126 |
| 12. | ഗവ: ഐ.ടി.ഐ കളമശ്ശേരി | ഓട്ടോമൊബൈൽ ടെക്നോളജി സെക്ടർ | 126 |
| 13. | ഗവ: ഐ.ടി.ഐ ചാലക്കുടി | പ്രൊഡക്ഷൻ & മാനുഫാക്ചറിംഗ് സെക്ടർ | 126 |
| 14. | ഗവ: ഐ.ടി.ഐ മാള | കൺസ്ട്രക്ഷൻ & വുഡ് വർക്കിംഗ് സെക്ടർ | 126 |
| 15. | ഗവ: ഐ.ടി.ഐ മലമ്പുഴ | ഇലക്ട്രിക്കൽ സെക്ടർ | 126 |
| 16. | ഗവ: ഐ.ടി.ഐ കൽപ്പറ്റ | ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സെക്ടർ | 126 |
| 17. | ഗവ: ഐ.ടി.ഐ കോഴിക്കോട് | ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്) | 126 |
| 18. | ഗവ: ഐ.ടി.ഐ കൊയിലാണ്ടി | ഇൻഫർമേഷൻ ടെക്നോളജി സെക്ടർ | 126 |
| 19. | ഗവ: ഐ.ടി.ഐ കണ്ണൂർ | ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്) | 126 |
| 20. | ഗവ: ഐ.ടി.ഐ കാസർഗോഡ് | ഇൻഫർമേഷൻ ടെക്നോളജി സെക്ടർ | 126 |

## 1) ഐ.ടി.ഐ- കളുടെ പ്രവർത്തന സമയം;

എല്ലാ ഐ.ടി.ഐ- കളും തിങ്കൾ മുതൽ ശനി വരെ രാവിലെ **7** മണി മുതൽ **3** മണിവരെയും, **9** മണിമുതൽ **5** മണിവരെയും ഉള്ള രണ്ട് ഷിഫ്റ്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്. ഐ.ടി.ഐ- കൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്.

## 2) പ്രവേശനത്തിനുള്ള പ്രായം;

പ്രവേശനം നൽകുന്ന വർഷം ആഗസ്റ്റ് 1-ാം തീയതി 14 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. എന്നാൽ ഡ്രൈവർ കം മെക്കാനിക്കൽ ട്രേഡിൽ പ്രവേശനം നേടുന്നവർക്ക് 18 വയസ് തികഞ്ഞരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധി ഇല്ല.

## 3) പ്രവേശനവും, തെരെഞ്ഞെടുപ്പും;

ഓരോ വർഷവും ആഗസ്റ്റ് 1 മുതലാണ് കോഴ്സുകളാരംഭിക്കുന്നത്. 6 മാസ കോഴ്സുകൾ ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിലാണ് ആരംഭിക്കുന്നത്. ഓരോ ഐ.ടി.ഐ- കളിലും/ബി.ടി.സി- യിലും ഓരോ വർഷവും, ഓരോ സ്കീമിലും പ്രവേശനം നൽകുന്ന ട്രേഡുകളുടെയും/യൂണിറ്റുകളുടെയും വിശദവിവരം അതാത് വർഷം അപേക്ഷ ക്ഷണിക്കുന്ന സമയത്ത് പ്രോസ്പെക്ടസിൽ വിശദമാക്കിയിരിക്കും. **"ഇതിലെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇത് അപേക്ഷകന്റെ ഉത്തരവാദിത്വമാണ്."**

മെട്രിക്/നോൺമെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന്, അപേക്ഷകന് മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II, ഫിസിക്സ്, കെമസ്ട്രി എന്നീ വിഷയങ്ങളിൽ (ആകെ 300 മാർക്ക്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മുൻഗണന നൽകുന്നത്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഗ്രേസ് മാർക്ക് നൽകുന്നു. നോൺമെട്രിക് ട്രേഡിൽ മെട്രിക്കുലേഷൻ പാസ്സായവർക്ക് 10 മാർക്കും, മെട്രിക് ട്രേഡിൽ +2/തത്തുല്യ യോഗ്യതയുള്ളവർക്ക് 20 മാർക്കും ഗ്രേസ് മാർക്കായി ഇൻഡക്സ് മാർക്കിനൊപ്പം ലഭിക്കുന്നതാണ്.

പ്രീഡിഗ്രി/+2 അടിസ്ഥാനയോഗ്യതയുള്ള ട്രേഡുകളിലേക്ക് പ്രീഡിഗ്രി/+2 മാർക്കിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. COPA/DTPO/FOA എന്നീ കമ്പ്യൂട്ടർ ട്രേഡുകളിൽ അപേക്ഷിക്കുന്ന BA/BSc/BCom ബിരുദധാരികൾക്ക് ഇൻഡക്സ് മാർക്കിനൊപ്പം 10 മാർക്ക് ഗ്രേസ് മാർക്ക് നൽകുന്നു.

സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്/ഹിന്ദി), സെക്രട്ടേറിയൽ പ്രാക്ടീസ് എന്നീ ട്രേഡുകൾക്ക് അപേക്ഷിക്കുന്ന **MA/MSc/MCom** ബിരുദാനന്തര ബിരുദധാരികൾക്ക് **10** മാർക്കും, **BA/BSc/BCom** ബിരുദത്തിലെ ഫസ്റ്റ് ക്ലാസ്സിന് **7** മാർക്കും, സെക്കന്റ് ക്ലാസ്സിന് **5** മാർക്കും, തേർഡ് ക്ലാസ്സിന് **3** മാർക്കും ഇൻഡക്സ് മാർക്കിനൊപ്പം ഗ്രേസ് മാർക്കായി നൽകുന്നു.

സംസ്ഥാന യുവജനോത്സവങ്ങളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയവർക്ക് മെട്രിക്, നോൺ മെട്രിക് ട്രേഡുകളിൽ പ്രവേശനത്തിന് പരഗണിക്കപ്പെടുന്ന വിഷയങ്ങളുടെ ആകെ (മാക്സിമം) മാർക്കിന്റെ യഥാക്രമം **10%, 5%** കൂടെ ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. പ്രീഡിഗ്രി/**+2** അടിസ്ഥാന യോഗ്യതയുള്ള ട്രേഡുകളിൽ, ലഭിച്ച മാർക്കിന്റെ ശതമാനം നിർണ്ണയിച്ച ശേഷം **10** മാർക്ക് **5** മാർക്ക് ബോണസ് മാർക്കായി കൂട്ടി ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നു.

**NCC**-യിലെ പലിശീലനത്തിന് **A/B/C** സർട്ടിഫിക്കറ്റ് നേടിയവർക്ക് യഥാക്രമം **5,7,10** മാർക്ക് ബോണസായി ലഭിക്കുന്നു.

**SSLC-ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡ്ക്സ് മാർക്ക് തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു.**

**2005** വർഷത്തെ മാർക്ക് ലിസ്റ്റിൽ, കണ്ടിന്യൂയിംഗ് ഇവാല്യുവേഷൻ ഉള്ള മാർക്കും **(10)**, തിയറിക്ക് ഉള്ള മാർക്കും **(50)** ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. അതിനാൽ ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു.

$$\frac{\text{ബന്ധപ്പെട്ട 6 വിഷയത്തിൽ ലഭിച്ച മാർക്ക്} \times 300}{360}$$

**ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂട്ടുന്നു.**

**<u>2006-ന് ശേഷമുള്ള SSLC-യുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.</u>**

| | | |
|---|---|---|
| A+ | 90 - ന് മുകളിൽ | 95 മാർക്ക് |
| A | 80 - 89 | 85 മാർക്ക് |
| B+ | 70 - 79 | 75 മാർക്ക് |
| B | 60 - 69 | 65 മാർക്ക് |
| C+ | 50 - 59 | 55 മാർക്ക് |
| C | 40 - 49 | 45 മാർക്ക് |
| D+ | 30 - 39 | 35 മാർക്ക് |
| D | 20 - 29 | 25 മാർക്ക് |
| E | 20 - ന് താഴെ | 15 മാർക്ക് |

ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (**300**-ൽ), അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിക്കുന്നു. ഏതെങ്കിലും വിഷയത്തിന് **D+** -ന് താഴെ മാർക്ക് ലഭിച്ചവരെ മെട്രിക് ട്രേഡിന് പരിഗണിക്കുന്നതല്ല.

## 4) <u>പ്രവേശനക്രമം;</u>

| | | | | |
|---|---|---|---|---|
| 1. **OC** | 21. **OC** | 41. **OC** | 61. **OC** | 81. **OC** |
| 2. **JC** | 22. **LC** | 42. **EZ/TH** | 62. **EZ/TH** | 82. **MU** |
| 3. **OC** | 23. **OC** | 43. **OC** | 63. **OC** | 83. **OC** |
| 4. **ST** | 24. **JC** | 44. **JC** | 64. **JC** | 84. **EZ/TH** |
| 5. **OC** | 25. **OC** | 45. **OC** | 65. **OC** | 85. **OC** |
| 6. **EZ/TH** | 26. **SC** | 46. **MU** | 66. **SC** | 86. **JC** |
| 7. **OC** | 27. **OC** | 47. **OC** | 67. **OC** | 87. **OC** |
| 8. **MU** | 28. **EZ/TH** | 48. **SC** | 68. **MU** | 88. **SC** |
| 9. **OC** | 29. **OC** | 49. **OC** | 69. **OC** | 89. **OC** |
| 10. **JC** | 30. **JC** | 50. **EZ/TH** | 70. **JC** | 90. **OB (H)** |
| 11. **OC** | 31. **OC** | 51. **OC** | 71. **OC** | 91. **OC** |
| 12. **OB (H)** | 32. **OB (H)** | 52. **JC** | 72. **EZ/TH** | 92. **JC** |
| 13. **OC** | 33. **OC** | 53. **OC** | 73. **OC** | 93. **OC** |
| 14. **SC** | 34. **MU** | 54. **OB (H)** | 74. **OB (H)** | 94. **MU** |
| 15. **OC** | 35. **OC** | 55. **OC** | 75. **OC** | 95. **OC** |

| | | | | |
|---|---|---|---|---|
| 16. **EZ/TH** | 36. **JC** | 56. **MU** | 76. **LC** | 96. **EZ/TH** |
| 17. **OC** | 37. **OC** | 57. **OC** | 77. **OC** | 97. **OC** |
| 18. **JC** | 38. **SC** | 58. **ST** | 78. **JC** | 98. **SC** |
| 19. **OC** | 39. **OC** | 59. **OC** | 79. **OC** | 99. **OC** |
| 20. **MU** | 40. **OB (X)** | 60. **JC** | 80. **SC** | 100. **JC** |

**OC = Open Category**

ഓരോ ഐ.ടി.ഐ-യിലും, ബി.റ്റി.സി-യിലും (**NCVT**-സ്കീമിലും, **SCVT**-സ്കീമിലും പ്രത്യേകമായി) ടി ക്രമം പ്രകാരമാണ് പ്രവേശനം നൽകുന്നത്. **"ഓരോ വർഷവും പ്രവേശനം അവസാനിപ്പിച്ചതിന്റെ തുടർച്ചയാണ് തൊട്ടടുത്ത വർഷം പ്രവേശനത്തിനുള്ള ക്രമം ആരംഭിക്കുന്നത്."**

## 5) സംവരണം;

ട്രെയിനിംഗ് മാന്വലിന്റെ വ്യവസ്ഥ പ്രകാരവും, G.O (Ms) No. 46/77/LBR, Dt:- 28.06.77 പ്രകാരവും നിശ്ചിത സീറ്റുകൾ താഴെപ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

a) പട്ടികജാതി **(SC)** - **8%**

b) പട്ടികവർഗ്ഗം **(ST)** - **2%**

c) ഈഴവർ **(EZ/TH)** - **9%**

d) മുസ്ളീം **(MU)** - **8%**

e) മറ്റ് പിന്നോക്ക ഹിന്ദുക്കൾ **(OBH)** - **5%**

f) ലത്തീൻ കത്തോലിക്കർ **(LC)** - **2%**

g) മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മത പരിവർത്തനം ചെയ്ത SC/ST, SIUC നാടാർ) **(OBX)** - **1%** (G.O (Ms) No. 118/95/LBR, Dt:- 27.11.95)

h) മരണം/അംഗഭംഗം സംഭവിച്ച, സമാധാനകാലത്ത് കൊല്ലപ്പെട്ട/അംഗഭംഗം സംഭവിച്ച ഭടൻമാരുടെ/ വിമുക്തഭടൻമാരുടെ സന്താനങ്ങൾ, സേവനത്തിലുള്ള ജവാൻമാരുടെ സന്താനങ്ങൾ, സേവനത്തിലുള്ള ഓഫീസർമാരുടെ സന്താനങ്ങൾ, വിമുക്തഭടൻമാർ **(JC)** - **15%** (G.O (Ms) No. 46/77/LBR, Dt:- 28.06.77)

i) അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ - **5** സീറ്റ്. (ഓരോ **ITI**-യിലും)

j) ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ - മെട്രിക്/ നോൺമെട്രിക് ട്രേഡുകളിൽ പരമാവധി അനുവദിച്ച സീറ്റിന്റെ **25%/15** സീറ്റ് വീതം. (ഓരോ **ITI**-യിലും)

k) ബർമ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് **01.06.1963**-ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ/ ഉഗാണ്ടയിൽ നിന്ന് പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ പരമാവധി - **5** സീറ്റ്. (ഓരോ **ITI**-യിലും)

l) പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ച സ്കൗട്ടുകൾ/ഗൈഡുകൾ - **1** സീറ്റ് (ഓരോ **ITI**-യിലും)

m) അംഗവൈകല്യം സംഭവിച്ചവർക്ക് - **3%** (ഓരോ **ITI**-യിലും). **1:1:1** എന്ന അനുപാതത്തിൽ (അന്ധർ, ബധിരർ, അംഗവൈകല്യം സംഭവിച്ചവർ) (G.O (Rt) No. 2531/04/LBR, Dt:- 24.09.04) പരിശീലകരുടെ എണ്ണം **100**-ൽ താഴെ വരുന്ന ഐ.ടി.ഐ-കളിൽ - **1** സീറ്റ് മാത്രം.

n) സ്പോർട്സിൽ പ്രാവീണ്യം നേടിയവർ ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ് - **5** സീറ്റ് (ഓരോ **ITI**-യിലും) (G.O (Ms) No. 46/77/LBR, Dt:- 28.06.77)

o) ഓരോ ഐ.ടി.ഐ-യിലേയും ട്രേഡുകളിൽ മൊത്തത്തിൽ **30%** സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. (DGET-19(27)/07-C.D, Dt:- 02.06.08) ഇത് മുകളിൽ ചേർത്തിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെട്ടവരും അടങ്ങുന്നതാണ്. പെൺകുട്ടികളിൽ നിന്നും മതിയായ എണ്ണം അപേക്ഷകരില്ലാത്ത പക്ഷം ആൺകുട്ടികളുടെ അപേക്ഷ പരിഗണിക്കുന്നതാണ്.

p) ജൂവൈനൽ ജസ്റ്റിസ് ഹോമിലെ യോഗ്യരായ അന്തേവാസികൾക്ക് ഓരോ ട്രേഡിലും **2** സീറ്റ് വീതം സംവരണം ചെയ്തിരിക്കുന്നു. (ഓരോ **ITI**-യിലും) (G.O (Rt) No. 1135/09/LBR, Dt:- 31.07.09)

q) ലക്ഷദ്വീപ്, മിനിക്കോയ്, ആന്റമാൻ ദ്വീപ് നിവാസികൾക്ക് കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐ - കളിൽ **5** സീറ്റ് വീതം.

r) സാക്ഷരതാ മിഷൻ നടത്തുന്ന **ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ** **SSLC** പരീക്ഷയ്ക്ക് തുല്യമായിരിക്കും (G.O (Ms) No. 78/04/LBR, Dt:- 09.08.04)

s) ബധിരയായ (Deaf & Dump) കുട്ടികളുടെ കാര്യത്തിൽ അവർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിന് മറ്റ് തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. (സർക്കുലർ നമ്പർ. C1/17517/2010, തീ:- 26.09.2010)

## 6) നേറ്റിവിറ്റി/ഡൊമിസെയിൽ (5 വർഷം) സർട്ടിഫിക്കറ്റ്;

കേരളത്തിൽ സ്ഥിര താമസമുള്ളവർക്ക് മാത്രമേ സംസ്ഥാനത്തെ ഐ.ടി.ഐ- കളിൽ പ്രവേശനമുള്ളൂ. നിലവിലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലെ താഴെ പറയുന്ന ബ്ലോക്കുകളിൽ നിന്നും ഉള്ള അപേക്ഷകർക്ക് **10** മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. (G.O (Rt) No. 1548/80/LBR, Dt:- 13.11.80 & Govt. Lr. No. 36730/D3/96/LBR, Dt:- 08.04.97)

| ക്രമനം. | ബ്ലോക്ക് | ജില്ല |
|---|---|---|
| 1. | കണ്ണൂർ | കണ്ണൂർ |
| 2. | തലശ്ശേരി | കണ്ണൂർ |
| 3. | വടകര | കോഴിക്കോട് |
| 4. | കൊയിലാണ്ടി | കോഴിക്കോട് |
| 5. | കോഴിക്കോട് | കോഴിക്കോട് |
| 6. | ഒറ്റപ്പാലം | പാലക്കാട് |
| 7. | മണ്ണാർക്കാട് | പാലക്കാട് |
| 8. | ചാവക്കാട് | തൃശ്ശൂർ |
| 9. | കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 10. | പത്തനംതിട്ട | പത്തനംതിട്ട |

ഇതിനായി ബ്ലോക്കിന്റെ പേര് രേഖപ്പെടുത്തിയ (റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന) നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 7) ആവർത്തന പ്രവേശനം;

മുമ്പ് എപ്പോഴെങ്കിലും ഏതെങ്കിലും ഐ.ടി.ഐ- യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ- യിൽ പ്രവേശനത്തിന് അർഹതയില്ല.

## 8) ആനുകൂല്യങ്ങൾ;

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐ- കളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്. ഓരോ ഐ.ടി.ഐ- കളിലും പ്രവേശനം ലഭിക്കുന്ന പരിശീലകരിൽ

**50%** പേർക്ക് റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ **60/-** രൂപാ വീതം പ്രതിമാസം ഈ വകുപ്പിൽ നിന്നും സ്റ്റൈപ്പെന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പെന്റിന് അർഹരായവരെ തെരെഞ്ഞെടുക്കുന്നത്. മാതാപിതാക്കളുടേയോ, നിയമനാസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് നിശ്ചിത തീയതിയ്ക്കകം നൽകേണ്ടതാണ്. അർഹരായുള്ള പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗർ എന്നീ വിഭാഗങ്ങൾക്ക് ബന്ധപ്പെട്ട വെൽഫയർ വകുപ്പിൽ നിന്നും അതാത് പരിശീലന സ്ഥാപനം മുഖേന സ്റ്റൈപ്പെന്റ് ലഭിക്കുന്നതാണ്. **"ഒരു ട്രെയിനിക്ക് ഒരു ട്രെയിനിംഗ് കാലയളവിൽ ഒരു ഇനം സ്റ്റൈപ്പെന്റിന് മാത്രമേ അർഹതയുള്ളൂ."**

വർക്ക്ഷോപ്പുകളിൽ പരിശീലനം നടത്തേണ്ടതായ ട്രേഡുകളിലെ ട്രെയിനികൾക്ക് സൗജന്യമായി വർക്ക്ഷോപ്പ് വസ്ത്രങ്ങൾ നൽകുന്നതാണ്.

## 9) ഫീസ്;

പരിശീലനം സൗജന്യമാണ്. എന്നാൽ പ്രവേശന സമയത്ത് താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്.

| ക്രമനം. | ഇനം | 2/3 വർഷ ട്രേഡിന് | ഒരു വർഷ/6 മാസ ട്രേഡിന് |
|---|---|---|---|
| 1. | കോഷൻ ഡെപ്പോസിറ്റ് | 50 രൂപ | 50 രൂപ |
| 2. | ജാമ്യ നിക്ഷേപം | 75 രൂപ | 50 രൂപ |
| 3. | മെയിന്റനൻസ് ഫീസ് | 400 രൂപ | 300 രൂപ |
| 4. | സ്പോർട്സ് ഫീസ് | 50 രൂപ | 40 രൂപ |
| 5. | മാഗസിൻ ഫീസ് | 10 രൂപ | 10 രൂപ |
| 6. | കൗൺസിൽ ഫീസ് | 50 രൂപ | 40 രൂപ |
| | **ആകെ** | **635 രൂപ** | **490 രൂപ** |

**SC/ST/OEC** പരിശീലനാർത്ഥികൾ മെയിന്റനൻസ് ഫീസ്, പരീക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല. ടി ട്രെയിനികളുടെ മെയിന്റനൻസ് ഫീസ്, പരീക്ഷാഫീസ് എന്നിവ ബന്ധപ്പെട്ട വെൽഫയർ വകുപ്പിൽ നിന്നും ഈടാക്കി കണക്കിൽ ചേർക്കുന്നതാണ്.

പരിശീലന സമയത്ത് ഏതെങ്കിലും ഉപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥിയുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അത് കിഴിച്ച് ബാക്കി തുകയ്ക്ക് അർഹതയുണ്ടായിരിക്കും. പരിശീലനം പൂർത്തിയാക്കി **മൂന്ന്** വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

## 10) <u>അച്ചടക്കം;</u>

തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും, തികച്ചും അച്ചടക്കം പാലിക്കേണ്ടതും, പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിന് മുമ്പ് പിരിഞ്ഞുപോകാൻ പാടില്ല. എല്ലാ പരിശീലനാർത്ഥിയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. അച്ചടക്കലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പു കൂടാതെ പിരിച്ചുവിടുന്നതാണ്. ഉപകരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ വരുത്തുന്നവരിൽ നിന്നും ആയതിന്റെ വില ഈടാക്കുന്നാണ്.

## 11) <u>നിർബന്ധിത ഹാജർ ശതമാനം;</u>

(a) അഖിലേന്ത്യാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരിശീലനാർത്ഥിയ്ക്ക് നിർബന്ധമായും ഏറ്റവും കുറഞ്ഞത് **80%** ഹാജർ ഉണ്ടായിരിക്കണം. ട്രെയിനികൾക്ക് കാഷ്വൽ ലീവ്, മെഡിക്കൽ ലീവ്, സ്പെഷ്യൽ മെഡിക്കൽ ലീവ് എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

(b) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ തുടർച്ചയായി **10** പരിശീലന ദിവസങ്ങൾ ഹാജരാകാതിരുന്നാൽ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും, ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബല്യത്തോടു കൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(c) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവർത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ ശതമാനം **50%** - ത്തിൽ കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ്.

(d) പിരിച്ചുവിട്ട ട്രെയിനിക്ക് ഐ.ടി.ഐ- കളിൽ പുന:പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## 12) <u>പുന: പ്രവേശനം</u>;

**80%** ഹാജർ തികയാതെ പരിശീലനം പൂർത്തിയാക്കാൻ കഴിയാത്ത സീറ്റ് ഒഴിവുള്ള പക്ഷം പുന:പ്രവേശനം നൽകും. ഇതിനായി ഇവർ പരിശീലനം നടത്തിയിരുന്ന സ്ഥാപനങ്ങൾ വഴി ട്രെയിനിംഗ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം. സാധാരണ **നവംബർ** മാസത്തിലാണ് ഇത്തരത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്. പുന:പ്രവേശനം ലഭിക്കുന്നവർക്ക് സ്റ്റൈപ്പെന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## 13) <u>Placement Cell</u>;

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ- കളിലും Placement Cell- കൾ പ്രവർത്തിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർ അതാത് സ്ഥാപനങ്ങളിലെ ടി സെല്ലുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ട്രെയിനികൾക്ക് ഈ സെല്ലുകളുടെ സഹായത്താൽ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാകാൻ സാധ്യതയുണ്ട്.

## 14) <u>പ്രൈവറ്റ് രജിസ്ട്രേഷൻ</u>;

സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ- കളിൽ പരിശീലനം നേടാത്ത, താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പ്രൈവറ്റായി **NCVT**-യുടെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതാവുന്നതാണ്. സാധാരണ **ജനുവരി** മാസത്തിലാണ് ഇത്തരത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്. അപേക്ഷകൾ ട്രെയിനിംഗ് ഡയററ്ടർക്ക് സമർപ്പിക്കണം.

**(A) 1961**-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസ് ട്രെയിനിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷിക്കുന്നവർ, അവർ അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം നേടിയിട്ടുണ്ടായിരിക്കണം.

**(B)** ഫാക്ടറി ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സർക്കാരിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് അപേക്ഷിക്കുന്നവർ അവർ അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ **SCVT** നടത്തുന്ന യോഗ്യത പരീക്ഷ വിജയിക്കുകയും വേണം.

**(C) SCVT** നടത്തുന്ന ട്രേഡ് ടെസ്റ്റ് വിജയിച്ച് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് **(STC)** കരസ്ഥമാക്കിയവർക്ക്, അതേ ട്രേഡിൽ **NCVT**-യുടെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ നേരിട്ട് പ്രൈവറ്റായി പങ്കെടുക്കാവുന്നതാണ്. ഇതിനായി **PSTC** - യുടെയോ, **STC**-യുടെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

**(D) 1961-**ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസ് **(NTC/STC**-ഇല്ലാതെ**)** പരിശീലനം നേടി പരീക്ഷയ്ക്ക് അനുവദിച്ചിട്ടുള്ള ആറ് അവസരങ്ങളും ഉപയോഗിച്ചതിന് ശേഷവും പരാജയപ്പെട്ട അപ്രന്റീസുകൾക്ക് ബന്ധപ്പെട്ട ഐ.ടി.ഐ ട്രേഡിൽ **NCVT-**യുടെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ നേരിട്ട് പ്രൈവറ്റായി പങ്കെടാക്കാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകർ മുൻപ് ഏതെങ്കിലും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവരാകാൻ പാടില്ല. ഇത്തരത്തിലുള്ള അപേക്ഷകർ ബന്ധപ്പെട്ട ആർ.ഐ.സെന്റർ-ലെ ട്രെയിനിംഗ് ഓഫീസറിൽ നിന്നും അപ്രന്റീസ് പരീക്ഷയിൽ പങ്കെടുത്തതിന്റെ വിവരം ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.

മേൽപ്പറഞ്ഞ അപേക്ഷകർ ഫീസ് ആയ **500/-** രൂപ 0230-L&E-00-800-Other Receipt-88-Other Items എന്ന ശീർഷകത്തിൽ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.

ഓരോ ട്രേഡുകൾക്കും **NCVT** നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ അപേക്ഷകനുണ്ടായിരിക്കണം.

ജോലിയുമായി ബന്ധപ്പെട്ട കാലയളവ് മാത്രമേ പ്രവൃത്തി പരിചയ ത്തിന് പരിഗണിക്കുകയുള്ളു. അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധമുള്ള ജോലിയിൽ പ്രവൃത്തി പരിചയം കാണിച്ചുകൊണ്ടുള്ള തൊഴിലുടമയുടെ സർട്ടിഫിക്കറ്റിലും, ടി സർട്ടി ഫിക്കറ്റിനോടൊപ്പം അപേക്ഷകന്റെ ഒപ്പോടുകൂടിയ തൊഴിലിന്റെ വിശദവിവരത്തിലും തൊഴിലുടമ മേലൊപ്പു ചാർത്തിയിരിക്കണം. ജോലിയുടെ സ്വഭാവം, വിവിധ തസ്തിക കളിൽ ജോലി ചെയ്തിട്ടുള്ള കാലയളവ്, ടി കാലയളവിലെ വേതന നിരക്ക് എന്നിവ സംബന്ധിച്ച രേഖയും അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.

വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി **SSLC**-യുടെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അപേ ക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ വർക്ക് ചെയ്യേണ്ടവർ പരീ ക്ഷയ്ക്ക് മുൻപായി **100/-** രൂപ അതാത് ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിനു ശേഷം ബാദ്ധ്യത യൊന്നുമില്ലായെന്ന് കണ്ടാൽ ടി തുക തിരികെ ലഭിക്കുന്നതുമാണ്.

# അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം

വ്യവസായിക വികസനത്തിന്, മാനവ വിഭവ ശേഷിയുടെ ശരിയായുള്ള വികസനത്തിന് പരിശീലന സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന പരിശീലനം കൂടാതെ അതാത് ജോലി സ്ഥലങ്ങളിൽ നിന്നും ലഭിയ്ക്കുന്ന തൊഴിൽ വൈദഗ്ധ്യം അത്യാന്താപേക്ഷിതമാണ്. ഈ ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് **'അപ്രന്റീസസ് ആക്ട് 1961'** രൂപകല്പന ചെയ്തിട്ടുള്ളത്. ടി പരിശീലന പദ്ധതി സംബന്ധിച്ച് **DGE&T**-യുടെ ഉപദേശക സമിതി സെൻട്രൽ അപ്രന്റീസ്ഷിപ്പ് കൗൺസിൽ (**CAC**) ആണ്.

**സംസ്ഥാനത്ത് ടി പരിശീലന പദ്ധതിയുടെ പൂർണ്ണ നടത്തിപ്പ് ചുമതല വ്യാവസായിക പരിശീലന വകുപ്പിനാണ്.**

സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് കൗൺസിൽ (**SAC**) ആണ് സംസ്ഥാനത്ത് അപ്രന്റീസ് ആക്ട്-ന്റെ മേൽനോട്ടം വഹിയ്ക്കുന്നത്. സംസ്ഥാന സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചാണ് **SAC**-യ്ക്ക് രൂപം നൽകുന്നത്. കേന്ദ്ര/ സംസ്ഥാനസർക്കാർ/ പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങൾ/ സ്റ്റേറ്റ് കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവിടങ്ങളിലെ പ്രതിനിധികളും, വ്യവസായം/ തൊഴിൽ/ സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രശസ്തരായ വ്യക്തികൾ അടങ്ങുന്നതാണ് ടി കൗൺസിൽ.

സംസ്ഥാനത്തുള്ള സർക്കാർ/ അർദ്ധസർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലെ ട്രേഡ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് അപ്രന്റീസുകളെ നിയോഗിക്കുന്നത്, സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (**SAA**) (ട്രെയിനിംഗ് ഡയറക്ടർ)-ടെ കാര്യാലയത്തിന്റെ കീഴിലെ എല്ലാ ജില്ലകളിലുമുള്ള റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്റർ (**RIC**) - കൾ മുഖേനയാണ്.

സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ട്രേഡ് അപ്രന്റീസുകളുടെ പരിശീലനം ക്രമീകരിക്കുന്നത് റീജിണൽ ഡയറക്ട്രേറ്റ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് **(RDAT),** ചെന്നൈ- യുടെ നിയന്ത്രണത്തിലാണ്. എന്നാൽ ടി സ്ഥാപനങ്ങളിലേയ്ക്ക് **RIC** - കൾ മുഖേനയും അപ്രന്റീസുകളെ നിയോഗിക്കുന്നുണ്ട്.

## <u>സംസ്ഥാനത്തെ ആർ.ഐ.സെന്ററുകൾ</u>

| **ക്രമ നം** | **ജില്ല** | **സ്ഥാപന മേധാവി** | **മേൽവിലാസം** |
|---|---|---|---|
| 1 | തിരുവനന്തപുരം | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ ചാക്ക, ബീച്ച്. പി.ഒ, തിരുവനന്തപുരം - 695 007. |
| 2. | കൊല്ലം | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ കൊല്ലം, കടപ്പാക്കട. പി.ഒ, കൊല്ലം - 691 008. |
| 3. | ആലപ്പുഴ | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ ആലപ്പുഴ, സനാദനപുരം. പി.ഒ, ആലപ്പുഴ - 688 003 |
| 4. | കോട്ടയം | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ കോട്ടയം, **4**-ാം നില, മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, തിരുനക്കര. പി.ഒ, കോട്ടയം - 686 001 |
| 5. | എറണാകുളം | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ കളമശ്ശേരി, എച്ച്.എം.ടി കോളനി. പി.ഒ, എറണാകുളം - 683 503 |
| 6. | തൃശൂർ | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ തൃശ്ശൂർ, തിരുവമ്പാടി. പി.ഒ, തൃശ്ശൂർ - 680 022. |
| 7. | പാലക്കാട് | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ പാലക്കാട്, ബിഗ് ബസാർ. പി.ഒ, പാലക്കാട് - 678 014 |
| 8. | കോഴിക്കോട് | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ കോഴിക്കോട്, മാളിക്കടവ്. പി.ഒ, കോഴിക്കോട് - 673 010 |
| 9. | കണ്ണൂർ | ട്രെയിനിംഗ് ഓഫീസർ | ആർ.ഐ.സെന്റർ കണ്ണൂർ, കണ്ണൂർ. പി.ഒ, കണ്ണൂർ - 670 001. |

പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർകോഡ് ജില്ലകളിൽ യഥാക്രമം ചെന്നീർക്കര, കട്ടപ്പന, അരീക്കോട്, കൽപ്പറ്റ, കാസർകോട് എന്നീ ഐ.ടി.ഐ- കൾ തന്നെ **RIC** - കളായി പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് വിവിധ സർക്കാർ/അർദ്ധസർക്കാർ/സ്വാകാര്യ സ്ഥാപനങ്ങളിലായി വിവിധ ട്രേഡുകളിലായി അപ്രന്റീസ് പരിശീലനം നൽകുന്നുണ്ട്. ട്രേഡുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആർ.ഐ.സെന്ററുകളുമായി ബന്ധപ്പെടാവുന്നതും, www.dget.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതുമാണ്. ഐ.ടി.ഐ - കളിലെ പരിശീലനം പൂർത്തിയാക്കി ട്രേഡ് ടെസ്റ്റുകൾ വിജയിച്ചവർക്കും,

ഐ.ടി.ഐ - യിൽ പരിശീലനം ലഭിക്കാതെ തൊഴിൽ ശാലകളിൽ ജോലി ചെയ്യുന്ന വർക്കും ആർ.ഐ.സെന്റുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന വരെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രേഡുകളിൽ വിവിധ സ്ഥാപന ങ്ങളിലേയ്ക്ക് ആവശ്യാനുസരണം നാമനിർദ്ദേശം ചെയ്യുകയും, പ്രസ്തുത സ്ഥാപന ങ്ങൾ അഭിമുഖം നടത്തി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വിജയകരമായി പരിശീ ലനം പൂർത്തിയാക്കുന്നവർക്ക് **DGE&T** നടത്തുന്ന അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റിന് ഹാജരാകാവുന്നതാണ്.

## 1) <u>ട്രേഡ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ്</u>;

**6** മാസം മുതൽ **4** വർഷം വരെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിന് തെരഞ്ഞ ടുക്കപ്പെടുന്നു. അപ്രന്റീസും, തൊഴിലുടമയും തമ്മിൽ ഒരു കരാറിൽ ഏർപ്പെടേണ്ട താണ്. അതാത് ജില്ലകളിലെ അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെ കാര്യാലയത്തിൽ വച്ചാണ് കരാർ രജിസ്റ്റർ ചെയ്യേണ്ടത്. കരാറിലേർപ്പെടുന്ന അപ്രന്റീസും, തൊഴിലുട മയും ആക്ടിനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണ്.

## 2) <u>സ്റ്റൈപ്പെന്റ്</u>;

**G.O (Ms) No. 10/08/LBR, Dt:- 10.01.08** പ്രകാരം നിലവിൽ ട്രേഡ് അപ്രന്റീസു കൾക്ക് ചുവടെ പറയുന്ന നിരക്കിലുള്ള സ്റ്റൈപ്പെന്റ് അതാത് തൊഴിലുടമകൾ നൽകാൻ ബാദ്ധ്യസ്ഥരാണ്.

| | | |
|---|---|---|
| **1**-ാം വർഷം | പ്രതിമാസം | **1,090/-** രൂപ |
| **2**-ാം വർഷം | ,, | **1,240/-** രൂപ |
| **3**-ാം വർഷം | ,, | **1,440/-** രൂപ |
| **4**-ാം വർഷം | ,, | **1,620/-** രൂപ |

# <u>പരീക്ഷകൾ</u>

| ക്രമനം. | ഇനം | യോഗ്യത | ഫീസ്സ് | പരീക്ഷാ സമയം | അപേക്ഷിക്കുന്ന സമയം | ഫല പ്രഖ്യാപനം | ചാൻസ് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് | **NCVT** അംഗീകാരമുള്ള ട്രേഡുകളിൽ **80%** ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കിയവർക്ക് | **6** മാസ/ **1** വർഷ ട്രേഡിന് **40/-** രൂപയും, **2/3** വർഷ ട്രേഡിന് **50/-** രൂപയും, പരാജയ പ്പെട്ടവർക്ക് **60/-** രൂപയും. | 1) ജൂലൈ<br>2) ജനുവരി (സപ്ലിമെന്ററി) | പ്രത്യേകം പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പരിശീലനം നടത്തിയ സ്ഥാപനങ്ങൾ മുഖേന | അവസാന പരീക്ഷ മുതൽ രണ്ട് മാസത്തിനകം. | തുടർച്ചയായി **7** ട്രേഡ് ടെസ്റ്റുകളിൽ **6** എണ്ണത്തിൽ മാത്രം. |
| 2 | **SCVT** ട്രേഡ് ടെസ്റ്റ് | **SCVT** അംഗീകാരമുള്ള ട്രേഡുകളിൽ **80%** ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കിയവർക്ക് | | 1) സെപ്റ്റംബർ<br>2) മാർച്ച് (സപ്ലിമെന്ററി) | | | |
| 3 | ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് **(COE)** | **NCVT** അംഗീകാരമുള്ള സെക്ടറുകളിൽ **80%** ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കിയവർക്ക് | റഗുലർ ട്രെയിനികൾക്ക് **40/-** രൂപയും, പരാജയ പ്പെട്ടവർക്ക് **60/-** രൂപയും. | 1) ആഗസ്റ്റ്<br>2) ഫെബ്രുവരി (സപ്ലിമെന്ററി) | | | |
| 4 | ആൾ ഇന്ത്യാ അപ്രന്റിസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് | അപ്രന്റീസ് ആക്ട് **1961** പ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയവർക്ക് | റഗുലർ ട്രെയിനികൾക്ക് **50/-** രൂപയും, പരാജയ പ്പെട്ടവർക്ക് **75/-** രൂപയും | 1) ഏപ്രിൽ<br>2) ഒക്ടോബർ | | | |
| 5 | സംസ്ഥാനതല ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷൻ | **NCVT** അംഗീകാരമുള്ള **15** ട്രേഡുകളിൽ ഓരോ സ്ഥാപനത്തിൽ നിന്നുള്ള ബെസ്റ്റ് ട്രെയിനികൾക്ക് മാത്രം. | ഇല്ല | നവംബർ/ ഡിസംബർ | അപേക്ഷിക്കേണ്ടതില്ല | **SAA, Tvpm** | |
| 6 | അഖിലേന്ത്യാ ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷൻ | സംസ്ഥാനതല സ്കിൽ കോമ്പറ്റീഷനിൽ ഓരോ **(15)** ട്രേഡുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ബെസ്റ്റ് ട്രെയിനികൾക്ക് മാത്രം. | | ജനുവരി | | **DGE&T** | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | റീജിണൽ അപ്രന്റീസ് സ്കിൽ കോമ്പറ്റീഷൻ | അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റിൽ ദക്ഷിണ മേഖലയിലുള്ള സംസ്ഥാനത്ത് നിന്നും ഓരോ **(15)** ട്രേഡിലും ബെസ്റ്റ് അപ്രന്റീസായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രം. | ഇല്ല | 1) സെപ്റ്റംബർ<br>2) മാർച്ച് | അപേക്ഷിക്കേണ്ടതില്ല | **RDAT, Chennai** | |
| 8 | അഖിലേന്ത്യാ അപ്രന്റീസ് സ്കിൽ കോമ്പറ്റീഷൻ | റീജിണൽ സ്കിൽ കോമ്പറ്റീഷനിൽ ഓരോ **(15)** ട്രേഡുകളിൽ നിന്നും ബെസ്റ്റ് അപ്രന്റീസായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രം. | | 1) നവംബർ<br>2) മെയ് | | **DGE&T** | |

# സർട്ടിഫിക്കറ്റുകൾ

| ക്രമ നം | ഇനം | യോഗ്യത | വിതരണം | വിതരണത്തിന് ആവശ്യമായ സമയം |
|---|---|---|---|---|
| 1 | പ്രൊവിഷണൽ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് **(PSTC)** | ട്രേഡ് ടെസ്റ്റ് വിജയിച്ചവർക്ക് മാത്രം | പരിശീലനം നടത്തിയ ഐ.ടി.ഐ/ആർ.ഐ.സി വഴി | ഫലം പ്രസിദ്ധീകരിച്ച് **2** മാസത്തിനകം |
| 2 | പ്രൊവിഷണൽ സ്റ്റേറ്റ് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് **(PNTC)** | | | |
| 3 | പ്രൊവിഷണൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് **(PNAC)** | | | |
| 4 | സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് **(STC)** | | | **6** മാസത്തിനകം |
| 5 | നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് **(NTC)** | | | **12** മാസത്തിനകം |
| 6 | നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് **(NAC)** | | | |
| 7 | Merit Certificate for Best Craftsman | അഖിലേന്ത്യാ ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്നവർക്കും, സംസ്ഥാനതല ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്നവർക്കും **(15** ട്രേഡുകളിൽ മാത്രം**).** | | ഫലം പ്രസിദ്ധീകരിച്ച് **6** മാസത്തിനകം |
| 8 | Merit Certificate for Best Apprentice | അഖിലേന്ത്യാ അപ്രന്റീസ് സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്നവർക്ക് **(15** ട്രേഡുകളിൽ മാത്രം**).** | | |

അഖിലേന്ത്യാ ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്ന ബെസ്റ്റ് ക്രാഫ്റ്റ്സ്മാന് **DGE&T 10,000/-** രൂപ ക്യാഷ് പ്രൈസ് നൽകുന്നു. കൂടാതെ സംസ്ഥാന സർക്കാർ **5,000/-** രൂപ ക്യാഷ് പ്രൈസും, സ്വർണ്ണപ്പതക്കവും നൽകുന്നു.

സംസ്ഥാനതല ക്രാഫ്റ്റ്സ്മാൻ സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്ന ബെസ്റ്റ് ക്രാഫ്റ്റ്സ്മാന് സംസ്ഥാന സർക്കാർ **10,000/-** രൂപ ക്യാഷ് പ്രൈസ് നൽകുന്നു.

അഖിലേന്ത്യാ അപ്രന്റീസ് സ്കിൽ കോമ്പറ്റീഷനിൽ വിജയിക്കുന്ന ബെസ്റ്റ് അപ്രന്റീസിന് **DGE&T 10,000/-** രൂപ ക്യാഷ് പ്രൈസ് നൽകുന്നു.

## ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്

ഈ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന **PNTC, NTC, PNAC, NAC, PSTC, STC** എന്നിവ ഭാഗികമായി നശിക്കുകയോ, തിരിച്ചുകിട്ടാനാകാത്ത വിധം നഷ്ടപ്പെടുകയോ, ചെയ്താൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ പരിശീലനം പൂർത്തിയാക്കിയ സ്ഥാപനമേധാവികൾ മുഖേന ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കണം.

മോഷണം/യാത്രയ്ക്കിടയിൽ നഷ്ടപ്പെടൽ എന്നിവ മൂലം നഷ്ടപ്പെട്ടാൽ ഉടൻ തന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചുവെന്ന പോലീസ് സബ് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രവും, നഷ്ടപ്പെട്ട സർട്ടിഫിക്കറ്റ് തിരിച്ചു കിട്ടുന്നതിനായി പത്രങ്ങളിൽ പരസ്യം നൽകിയതിന്റെ അസ്സലും അപേക്ഷയോടൊപ്പം ഹാജരാക്കണം.

പത്രപ്പരസ്യം നൽകിയതിനു ശേഷം ഒരു മാസം കഴിഞ്ഞ്, സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തവിധം നഷ്ടപ്പെട്ടതാണെന്നും, അസ്സൽ ലഭിക്കുന്നപക്ഷം തിരിച്ചേൽപ്പിച്ചുകൊള്ളാമെന്നും പ്രസ്താവിക്കുന്ന നോട്ടറി പബ്ലിക് മേലൊപ്പ് ചാർത്തിയ സത്യവാങ്മൂലം **(100/-** രൂപ മുദ്രപ്പത്രത്തിൽ) അപേക്ഷയോടൊപ്പം ഹാജരാക്കണം.

പ്രകൃതിക്ഷോഭം/അഗ്നിബാധ എന്നിവ മുഖേനയാണ് സർട്ടിഫിക്കറ്റ് നഷ്ടപ്പെടുന്നതെങ്കിൽ പോലീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിനു പകരം റവന്യൂ അധികാരികളിൽ നിന്നുള്ള (തഹസിൽദാർ) സാക്ഷ്യപത്രമാണ് ഹാജരാക്കേണ്ടത്.

അപേക്ഷയോടൊപ്പം ഹാജരാക്കുന്ന എല്ലാ രേഖകളിലും നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കറ്റിന്റെ ക്രമനമ്പർ രേഖപ്പെടുത്തേണ്ടതാണ്.

ഭാഗികമായി നശിച്ച സർട്ടിഫിക്കറ്റിനു പകരം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ സാക്ഷ്യപത്രങ്ങളോ, സത്യവാങ്മൂലമോ ആവശ്യമില്ല. എന്നാൽ ഭാഗികമായി നശിച്ച സർട്ടിഫിക്കറ്റിന്റെ ബാക്കി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

പൂർണ്ണമായും നഷ്ടപ്പെട്ട **NTC, NAC** എന്നിവയ്ക്ക് **75/-** രൂപയും, ഭാഗികമായി നശിച്ച **NTC, NAC** എന്നിവയ്ക്ക് **25/-** രൂപയും, **PNTC, PNAC, PSTC, STC** എന്നിവയ്ക്ക് ഏതുവിധത്തിലായാലും **25/-** രൂപയും 0230-L&E-00-800-Other Receipt-88-Other Items എന്ന ശീർഷകത്തിൽ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

പൂർണ്ണമായ രേഖകൾ ഉൾക്കൊള്ളുന്ന അപേക്ഷ ലഭിച്ചാൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും, **STC** - യും കുറഞ്ഞത് **30** ദിവസത്തിനുള്ളിലും, **NAC 6** മാസത്തിനുള്ളിലും, **NTC ഒരു** വർഷത്തിനുള്ളിലും ലഭിക്കും.

## പ്രൈവറ്റ് ഐ.ടി.ഐ- കൾ/ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നത്

നിലവിൽ ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള **SCVT** യോഗ തീരമാനങ്ങൾക്കനുസരിച്ചാണ് പ്രൈവറ്റ് ഐ.ടി.ഐ- കൾ/ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്. **GO (Ms) No. 2931/98/Fin, Dt:- 23.11.98** പ്രകാരം അഫിലിയേഷൻ സംബന്ധമായ വിവിധ ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

1) പുതിയ ഐ.ടി.ഐ- കൾ ആരംഭിക്കുന്നതിനായുള്ള അപേക്ഷാ ഫീസ് - **5,000**/- രൂപ

2) നിലവിലെ ഐ.ടി.ഐ- കളിൽ പുതിയ ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫീസ് - **2,000**/- രൂപ

3) പുതിയ ഐ.ടി.ഐ- കൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലേറ്റ് ഫീ - **2,500**/- രൂപ

4) നിലവിലെ ഐ.ടി.ഐ- കളിൽ പുതിയ ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലേറ്റ് ഫീ - **1,500**/- രൂപ

5) വകുപ്പുതല പരിശോധനാ ഫീസ് - **3,500**/- രൂപ

6) വകുപ്പുതല പുനഃപരിശോധനാ ഫീസ് - **5,000**/- രൂപ

7) സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ ഫീസ് - **10,000**/- രൂപ

## അഫിലിയേഷൻ ലഭിക്കുന്ന നടപടിക്രമം

1) അപേക്ഷകൾ തൊഴിൽ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നു.

2) കമ്മിറ്റി അംഗീകാരം ലഭിക്കുന്ന അപേക്ഷകൾക്ക് NCVT/DGE&T മാനദണ്ഡപ്രകാരം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള ഉത്തരവ് വകുപ്പ് നൽകുന്നു.

3) അനുമതി ലഭിച്ച അപേക്ഷകൾ നിശ്ചിത ഫീസ് ഒടുക്കി ട്രെയിനിംഗ് മാന്വൽ അപ്പൻഡിക്സ് 19- ലെ അനക്സർ 3 തയ്യാറാക്കി സമർപ്പിക്കണം.

4) വകുപ്പുതല പരിശോധന/പുനഃപരിശോധന സംഘത്തെ നിയോഗിക്കുന്നു.

5) യോഗ്യമായവ DGE&T നോമിനിയുൾപ്പെടുന്ന സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നു.

6) യോഗ്യമായവയുടെ പരിശോധന റിപ്പോർട്ട് DGE&T- യ്ക്ക് സമർപ്പിക്കുന്നു.

7) NCVT - യുടെ അഫിലിയേഷൻ സബ്കമ്മറ്റി അംഗീകരിക്കുന്ന ശുപാർശകൾക്ക് അഫിലിയേഷൻ ഉത്തരവ് ലഭിക്കാം.

8) **ജനുവരി 1 മുതൽ ജൂൺ 30 വരെയുള്ള കാലഘട്ടത്തിൽ അഫിലിയേഷൻ നടപടിക്രമം പൂർത്തിയാകുന്നവയ്ക്കുള്ള അംഗീകാരം ആഗസ്റ്റ് മുതലും, ജൂലൈ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ അഫിലിയേഷൻ നടപടിക്രമം പൂർത്തിയാകുന്നവയ്ക്കുള്ള അംഗീകാരം തൊട്ടടുത്തവർഷം ഫെബ്രുവരി മുതലും ആയിരിക്കും.**